DESPATCHED
On 21/12/21

08/11/2021
S.2(1)


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


**ഹർജി നമ്പർ AP.No.2379(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 18051/SIC-G7/2019**

ഉത്തരവ് തീയതി: 05.11.2021

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ചന്ദ്രബാബു സി.പി.,
(ചിറ്റേക്കാട്ട്), ജനപ്രിയവിലാസം, ശാന്തിഗിരി പി.ഒ,
തിരുവനന്തപുരം – 695 589. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ
(സൗത്ത് സോൺ), ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 01.08.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 24.08.2019 |
| ഒന്നാം അപ്പീൽ | 03.09.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 25.09.2019 |
| രണ്ടാം അപ്പീൽ | 24.10.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 03.09.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ചന്ദ്രബാബു സി.പി. 01.08.2019 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടതാണോ, ടി സ്ഥാപനങ്ങൾ വരവുചെലവു കണക്കുകളും, മറ്റ്

അനുബന്ധ രേഖകളും ജില്ലാ രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കേണ്ടതിന്റെ [illegible] സമയപരിധി എത്ര നാളാണ് എന്നതുമായി ബന്ധപ്പെട്ട് 4 ഇനവിവരങ്ങളായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 24.08.2019 ന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 03.09.2019 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീലിന്മേൽ 25.09.2019 ൽ അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 03.09.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ടിരുന്ന ഒന്നും നാലും ചോദ്യങ്ങൾ വിവരാവകാശ നിയമത്തിന്റെ 2(എഫ്), 2(ജെ) എന്നീ വകുപ്പുകൾ പ്രകാരം "വിവരം" എന്ന നിർവചനത്തിൽ ഉൾപ്പെട്ടുവരുന്നില്ലെന്ന് മറുപടി നൽകിയെങ്കിലും ടി മറുപടിയിൽ തൃപ്തനാകാതെ ടിയാൻ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ അപ്പീൽ അധികാരി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകേണ്ടതാണെന്ന് 25.09.2019 ൽ ഉത്തരവായതനുസരിച്ച് 10.10.2019 ന് ഹർജിക്കാരന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചപ്പോൾ തനിക്ക് മറുപടി ലഭ്യമായില്ലെന്നും തുടർന്ന് അപ്പീൽ അധികാരി ഉത്തരവ് നൽകിയതനുസരിച്ച് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് വ്യക്തമല്ലായിരുന്നുവെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

5. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതുമായ മറുപടിയാണ് എസ്.പി.ഐ.ഒ നൽകിയിരിക്കുന്നത്. ആയത്

വിവരാവകാശ നിയമത്തോടുള്ള അവഹേളനവും എസ്.പി.ഐ.ഒ യുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയുമാണ്. തികച്ചും നിരുത്തരവാദപരമായാണ് എസ്.പി.ഐ.ഒ മറുപടി നൽകിയിരിക്കുന്നത്. ആയതിനാൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യുടെ പേരിൽ 20(1) വകുപ്പ് പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. അപ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം കമ്മീഷനെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇനിയൊരു അറിയിപ്പ് ഇല്ലാതെ ശിക്ഷാ നടപടിയുമായി കമ്മീഷൻ മുന്നോട്ടുപോകുന്നതാണ്.

6. അപ്പീൽ ഹർജിക്കാരൻ 01.08.2019 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷ ഒരിക്കൽകൂടി പരിശോധിച്ച് ടിയാന് വ്യക്തവും കൃത്യവുമായ മറുപടി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണെന്നും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 5-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn